പൊതുമരാമത്തുവകുപ്പുമന്ത്രി(ശ്രീ. ടി. അബ്ദുൾമജീദ്) :

(എ) അല്ല.

(ബി) 1. ചിറയ്ക്കൽ താലൂക്ക് ട്രബാക്കോ വർക്കേഴ്സ് യൂണിയൻ, കൊറാളി ഡിവിഷൻ കമ്മറ്റി.

2. കോഴിക്കോട് ഡിസ്ട്രിക്റ്റ് ട്രേഡ് യൂണിയൻ കൗൺസിൽ, കോഴിക്കോട്.

3. ചിറയ്ക്കൽ താലൂക്ക് ട്രബാക്കോ വർക്കേഴ്സ് യൂണിയൻ, കണ്ണൂർ.

4. എടവണ്ണ ബീഡി തൊഴിലാളികൾ.

5. കേരളാ സ്റ്റേറ്റ് ട്രേഡ് യൂണിയൻ കൗൺസിൽ.

(സി) 29-5-1959-ൽ അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുണ്ട് ?

എൻ. ജി. ഓ. സംഘടനയും നിവേദനങ്ങളും

*1725. [16] ശ്രീ. എം. കെ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരകേരള എൻ. ജി. ഓ. സംഘടനയും, ഉത്തരകേരളത്തിലെ എൻ. ജി. ഓ. മാരും അയയ്ക്കുന്ന പല നിവേദനങ്ങൾക്കും, ഹർജികൾക്കും, അപ്പീലുകൾക്കും രണ്ടുകൊല്ലമായിട്ടും യാതൊരു മറുപടിയും അയയ്ക്കാറില്ലെന്ന ആക്ഷേപം ശരിയാണോ;

(ബി) സംഘടനയെ മാനിച്ചു മറുപടികൾ അയയ്ക്കാൻ മേലിലെങ്കിലും ആവശ്യമായ നടപടികളെടുക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ശരിയാണെന്നു തോന്നുന്നില്ല. എല്ലാവർക്കും കൃത്യമായി മറുപടി അയയ്ക്കുന്നതു സംബന്ധിച്ചു വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) 'എ'-യിൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്താൻ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഉത്തരകേരളത്തിലെ എൻ. ജി. ഓ. മാർ അയച്ച നിവേദനങ്ങൾക്ക് രണ്ടുകൊല്ലമായിട്ടും യാതൊരു മറുപടിയും അയച്ചിട്ടില്ലെന്ന മനസ്സിലാക്കുന്നതുകൊണ്ട് അക്കാര്യം എക്സ്പ്ലെയിൻ ചെയ്യുവാൻ ഗവണ്മെൻറ് നടപടി നടത്തുമോ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ മറുപടി അയയ്ക്കുന്നില്ലെന്നു പറയുന്നതു ശരിയല്ല. സിക്രട്ടറിയേറ്റിലെ 25 ശതമാനം ജോലിയും എൻ. ജി. ഓ മാരുടെ പെറ്റീഷൻസിനെ സംബന്ധിച്ചുള്ളതാണ്. അത്രയേറെ ജോലികൾ അതുസംബന്ധിച്ചുണ്ട്. അനവധി നിവേദനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. വളരെ വേഗത്തിൽ അതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്. പല വിധത്തിലുള്ള നിവേദനങ്ങൾ ഉണ്ടായതുകൊണ്ടും, മുമ്പ് പലവിധത്തിലുള്ള ആർഡേഴ്സ് പാസ്സാക്കിയിട്ടുള്ളതുകൊണ്ടും ചില നിവേദനങ്ങൾക്ക് ഉത്തരവുകൾ പാസ്സാക്കുവാൻ കാലതാമസം നേരിട്ടു.

ലാക്കൗട്ട് ചെയ്ത ഫാക്ടറികൾ.

*1726. [17] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ഫാക്ടറികൾ ലാക്കൗട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly